നം. എൽ.യു.ബി/294/2026–എ

ഭൂവിനിയോഗ വകുപ്പ്,
വികാസ്ഭവൻ ,തിരുവനന്തപുരം .
ഫോൺ - 0471 -2307830 / 2302231
ഫാക്സ് -2307830
ഇ -മെയിൽ:luc.kslub@kerala.gov.in
തീയതി : 16/11/2026

ലഘുക്വട്ടേഷൻനോട്ടീസ്

വിഷയം :ഭൂവിനിയോഗ വകുപ്പ് -ഉറവക്കായി ഒരുമിക്കാം പദ്ധതിക്കായി അനുയോജ്യമായ ലോഗോ തയ്യാറാക്കുന്നത് സംബന്ധിച്ച്.

ഭൂവിനിയോഗ വകുപ്പ് 2026 - 2027 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ഉറവക്കായി ഒരുമിക്കാം (Springshed Development and Management Plan) പദ്ധതിക്കായി അനുയോജ്യമായ ലോഗോ തയ്യാറാക്കുന്നതിനായി സ്ഥാപനങ്ങളിൽ നിന്നും ലഘു ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.ഉറവകളുടെ (springs) പരിപാലനത്തിനായുള്ള പ്ലാനുകൾ തയ്യാറാക്കുവാനാണ് വകുപ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ലോഗോ ലളിതവും , ലോഗോയിൽ ഉറവയ്ക്കായി ഒരുമിക്കാം എന്ന പേരും വകുപ്പിന്റെ പേരും ഉൾക്കൊള്ളിക്കേണ്ടതാണ്.

ക്വട്ടേഷൻ അടങ്ങിയ കവറിനു മുകളിൽ "ഉറവക്കായി ഒരുമിക്കാം പദ്ധതിക്കായി അനുയോജ്യമായ ലോഗോ നൽകുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേലെഴുത്ത് ഉണ്ടാവണം. ഇവ കമ്മീഷണർ ഭൂവിനിയോഗ വകുപ്പ് വികാസ്ഭവൻ പി.ഓ തിരുവനന്തപുരം -33 എന്ന വിലാസത്തിൽ അയക്കണം. ക്വട്ടേഷനുകൾ അവരവരുടെ സ്വന്തംലെറ്റർ ഹെഡുകളിൽ സമർപ്പിക്കാവുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കാവുന്ന അവസാന തീയതി22/11/2026 വൈകുന്നേരം..3.മണി ആയിരിക്കും.അനുവദിച്ചിരിക്കുന്ന സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. 23/11/2026 വൈകുന്നേരം 3:30മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ക്വട്ടേഷൻ നൽകിയവർക്കോ അവരുടെ പ്രതിനിധികൾക്കോ ക്വട്ടേഷൻ തുറക്കുന്ന സമയത്തു സന്നിഹിതരാകാവുന്നതാണ്. ലഭിച്ചിട്ടുള്ള ക്വട്ടേഷനുകളിൽ അന്തിമതീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണഅധികാരം ഭൂവിനിയോഗകമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും

ഒപ്പ്
ഭൂവിനിയോഗ കമ്മീഷണർ

പകർപ്പ്

1. നോട്ടീസ്ബോർഡ്
2. വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം



ഹരിദാസ് ജി

സീനിയർ സുപ്രണ്ട്